**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 98** **03-02-2026 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തുന്നതിന് മികച്ച അടിസ്ഥാന സൗകര്യങ്ങളും ഹൈടെക് ക്ലാസ്സ് മുറികളും പരിഷ്കരിച്ച പാഠപുസ്തകങ്ങളും ലഭ്യമാക്കുകയുണ്ടായി. KIIFB യുടെ സഹായത്തോടെയാണ് അന്താരാഷ്ട്ര നിലവാരമുള്ള ബഹുനില കെട്ടിടങ്ങളും അത്യാധുനിക ലാബുകളും ലൈബ്രറികളും ലഭ്യമാക്കിയത്. KITE ന്റെ നേതൃത്വത്തിൽ എല്ലാ പൊതു വിദ്യാലയങ്ങളിലും ലാപ് ടോപ്പുകളും പ്രൊജക്ടറുകളും ലഭ്യമാക്കുകയും SCERT മുഖേന 1 മുതൽ 10 വരെയുള്ള എല്ലാ ക്ലാസുകളിലേയും പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയുണ്ടായി. അതോടൊപ്പം തന്നെ ഓരോ കുട്ടിയെയും വ്യക്തിപരമായി ശ്രദ്ധിക്കുന്നതിനും അവരുടെ പഠനപരവും മാനസികവുമായ പുരോഗതി വിലയിരുത്തുന്നതിനായി സഹിതം എന്ന പേരിൽ ഒരു പോർട്ടലും അക്കാദമിക മാസ്റ്റർ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. അതിലുപരിയായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പൊതുവിദ്യാലയങ്ങളിൽ ശൗചാലയങ്ങൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും മെച്ചപ്പെട്ട നിലയിൽ നൽകുന്നതിന് കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഓരോ സ്കൂളും തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം എന്തൊക്കെ ഭൗതിക സാഹചര്യങ്ങളാണ് വേണ്ടതെന്ന് കണക്കാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായത്തോടെയാണ് ശൗചാലയങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ ദൈനംദിന പരിപാലനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട്. വിദ്യാർത്ഥി സൗഹൃദമായ ക്ലാസ്സ് മുറികൾ സജ്ജമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | SCERT യുടെ നേതൃത്വത്തിൽ കൃത്യമായ രൂപരേഖയും തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**കിഫ്ബി (KIIFB) വഴിയുള്ള ഭൗതിക സാഹചര്യ വികസനം:**
കിഫ്ബിയിൽ നിന്നുള്ള വലിയ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കേരളത്തിലെ സർക്കാർ വിദ്യാലയങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ചു. ഹൈടെക് ക്ലാസ് മുറികൾ, അത്യാധുനിക ലാബുകൾ, വിപുലമായ ലൈബ്രറികൾ എന്നിവയടങ്ങിയ ഈ മന്ദിരങ്ങൾ വിദ്യാലയങ്ങളുടെ മുഖച്ഛായ മാറ്റി.

**ഡിജിറ്റൽ വിപ്ലവം (KITE):**
കൈറ്റിന്റെ നേതൃത്വത്തിൽ എല്ലാ പൊതുവിദ്യാലയങ്ങളിലും ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, സ്മാർട്ട് ബോർഡുകൾ, അതിവേഗ ഇന്റർനെറ്റ് എന്നിവ ലഭ്യമാക്കി. ഇതുവഴി വിവരസാങ്കേതിക വിദ്യയെ പഠനപ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമാക്കി മാറ്റി.

**കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023:**
മാറുന്ന ലോകത്തിന്റെ വെല്ലുവിളികൾ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി 'ശാസ്ത്രീയമായ പുതിയ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിച്ചു. ജ്ഞാനസമൂഹ സൃഷ്ടിയും ഭരണഘടനാ മൂല്യങ്ങളുടെ സംരക്ഷണവുമാണ് ഇതിലൂടെ സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്.

**പാഠപുസ്തകങ്ങളുടെ സമഗ്ര പരിഷ്കരണം.**
പുതിയ ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ ഒന്നു മുതൽ പത്ത് വരെയുള്ള എല്ലാ പാഠപുസ്തകങ്ങളും പരിഷ്കരിച്ചു. കുട്ടികളുടെ സർഗ്ഗാത്മകതയെയും വിമർശനാത്മക ചിന്തയെയും പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് പുസ്തകങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

**സഹിതം മെന്ററിംഗ് പോർട്ടൽ:**
ഓരോ കുട്ടിയെയും വ്യക്തിഗതമായി ശ്രദ്ധിക്കാനും അവരുടെ പഠനപരവും മാനസികവുമായ പുരോഗതി കൃത്യമായി വിലയിരുത്താനുമായി 'സഹിതം' പോർട്ടൽ നടപ്പിലാക്കി. ഓരോ വിദ്യാർത്ഥിയെയും കൃത്യമായി മനസ്സിലാക്കി അവരുടെ നിലവാരം ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണം:**
ഓരോ വിദ്യാലയത്തെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിലുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിട്ടുണ്ട്. വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനങ്ങളും വിദ്യാർത്ഥി സൗഹൃദമാക്കാൻ ഇത് സഹായിക്കുന്നു.
സമഗ്ര പുരോഗതി രേഖ പഠിതാക്കളുടെ പഠനനിലവാരം ശാസ്ത്രീയമായി വിലയിരുത്തി രേഖപ്പെടുത്തുന്നു. കുട്ടികളുടെ വിലയിരുത്തലിൽ വിപുലമായ പരിഷ്കരണം നടത്തി. മാറുന്ന കാലത്തെ അതിജീവിക്കാൻ സഹായകമായ രീതിയിൽ പരീക്ഷകളിലെ ചോദ്യപേപ്പറുകൾ മാറ്റി. സ്കോളർഷിപ്പ് പരീക്ഷകൾ പരിഷ്കരിച്ചു.

**അക്കാദമിക് കലണ്ടർ പ്രസിദ്ധീകരണം:**
220 പ്രവൃത്തി ദിനങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രവർത്തനങ്ങൾ മുൻകൂട്ടി നിശ്ചയിച്ച അക്കാദമിക് കലണ്ടർ എല്ലാ വർഷവും കൃത്യമായി പ്രസിദ്ധീകരിക്കുന്നു. അക്കാദമിക പ്രവർത്തനങ്ങളും ഇതര പ്രവർത്തനങ്ങളും ഉപയോഗിച്ച് വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റം ഉണ്ടാക്കുവാൻ ഇത് സഹായകമാകുന്നു.

**വിദ്യാകിരണം മിഷൻ:**
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി വിദ്യാലയങ്ങളെ കൂടുതൽ കരുത്തുറ്റതാക്കാൻ വിദ്യാകിരണം മിഷൻ വഴി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസമാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. നവകേരള മിഷന്റെ ഭാഗമായ വിദ്യാകിരണം പ്രവർത്തനങ്ങൾ സമയബന്ധിതമായി വിലയിരുത്തി മുന്നോട്ടു പോകുന്നു

**ഗണിതപഠനത്തിലെ പുതുമകൾ (Computational Thinking)**
മനഃപാഠം പഠിക്കുന്നതിന് പകരം ഗണിതക്രിയകൾക്ക് പിന്നിലെ യുക്തി മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുന്ന 'ഗണനചിന്ത' എന്ന കാഴ്ചപ്പാട് പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തി. വിലയിരുത്തലുകളിലും അനുസൃതമായ മാറ്റം വരുത്തി.

**മഞ്ചാടി ഗവേഷണ പദ്ധതി.**
ഗണിതപഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതമാക്കുന്നതിന് മഞ്ചാടി പോലുള്ള ഗവേഷണാധിഷ്ഠിത പദ്ധതികൾ കേരളതിതലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു.

**ഭാഷാ പഠന നൈപുണ്യ വികസനം:**

ഒന്നാം ക്ലാസ് പൂർത്തിയാകുമ്പോഴേക്കും കുട്ടികൾക്ക് മികച്ച ആശയപ്രകടന ശേഷി ഉറപ്പാക്കുന്ന രീതിയിലുള്ള ഇടപെടലുകൾ പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിദ്യാരംഗം കലാസാഹിത്യവേദി:**

കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കാൻ എല്ലാ സ്കൂളുകളിലും വിദ്യാരംഗം യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ശില്പശാലകളും മത്സരങ്ങളും വഴി കുട്ടികളുടെ ഭാഷാ രചനയ്ക്ക് വലിയ പ്രാധാന്യം നൽകുന്നു. വിദ്യാരംഗം, ശാസ്ത്രരംഗം മാസികകൾ പൊതു വിദ്യാഭ്യാസ രംഗത്തെ മുതൽക്കൂട്ടുകളായി തുടരുന്നു.

**പ്രത്യേക പിന്തുണാ പദ്ധതികൾ:**

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 'ശ്രദ്ധ' തുടങ്ങിയ നിരവധി പദ്ധതികൾ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഈ പദ്ധതികൾ കുറേ വർഷങ്ങളായി വിജയകരമായി തുടരുന്നു.

**പഠന പിന്തുണാ പരിപാടി:**

ഓരോ ടേമിലും നടക്കുന്ന ആത്യന്തിക വിലയിരുത്തലിനു ശേഷം കുട്ടികൾക്ക് പഠന പിന്തുണ നൽകി വരുന്നു. പാഠ്യപദ്ധതി നിഷ്കർഷിക്കുന്ന ശേഷികൾ കുട്ടികൾക്ക് പ്രത്യേകമായ പ്രവർത്തന പാക്കേജ് ഉൾപ്പെടുത്തിയാണ് വിദ്യാലയങ്ങൾ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. നിർദിഷ്ടശേഷി കൈവരിക്കാത്ത കുട്ടികൾക്ക് സ്കൂളുകളിൽ എത്തി സമഗ്ര ശിക്ഷയുടെ പ്രവർത്തകർ പിന്തുണ നൽകുന്ന, പ്രത്യേക ബോധന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി:**

കഴിഞ്ഞ രണ്ട് അധ്യയന വർഷങ്ങളായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടി തുടരുന്നു. ഭൗതിക നേട്ടങ്ങൾക്കൊപ്പം അക്കാദമിക നേട്ടങ്ങൾ ഉറപ്പുവരുത്തുന്നതിനാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ പ്രാധാന്യം നൽകുന്നത്.

**ഹരിത വിദ്യാലയം റിയാലിറ്റി ഷോ':**

പൊതുവിദ്യാലയങ്ങളിലെ മികവുകൾ സമൂഹത്തിൽ പങ്കുവയ്ക്കുന്നതിനായി കൈറ്റ് വിക്ടേഴ്സ് ചാനലിന്റെ നേതൃത്വത്തിൽ ഹരിത വിദ്യാലയം റിയാലിറ്റി ഷോ ഈ വർഷം നടപ്പിലാക്കി. സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ മികവാർന്ന അക്കാദമിക പ്രവർത്തനങ്ങൾ ലോകത്തിനു മുമ്പിൽ ഇതിലൂടെ അവതരിപ്പിക്കുവാൻ കഴിഞ്ഞു.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്താൻ സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പരിപാടികളുടെ വിശദാംശങ്ങൾ
ചുവടെ നൽകുന്നു

**1. പഠനപോഷണ പരിപാടികൾ**

i. മലയാളത്തിളക്കം
ii. ഹലോ ഇംഗ്ലീഷ്
iii. സുരീലി ഹിന്ദി
iv. ഹെൽപിംഗ് ഹാൻറ്
v. സചിത്ര പുസ്തകം
vi. സംയുക്തഡയറി
vii മഞ്ചാടി ഗണിത പ്രോഗ്രാം
viii. ഗണിതവിജയം
ix. ഉല്ലാസഗണിതം
x. ഗണിതലാബ്
xi ഗണിതകിറ്റ്
xi. ഗണിതപാർക്ക്
xiii. വിവിധ ക്ലബ് പ്രവർത്തനങ്ങൾ
xiv. വർക്ക്ഷീറ്റുകൾ/അധിക പഠന സഹായികൾ
XV. ശാസ്ത്രപാർക്ക്
xvi. ശലഭപാർക്ക്

xvi. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള മെൻറ്ററിംഗ്
xviii ബഡ്ഡിംഗ് റൈറ്റേഴ്സ്
xix. ശാസ്ത്രകിറ്റ്
XX. വായനാവസന്തം
xxi. ക്ലാസ് ലൈബ്രറി
xxii. കുഞ്ഞുവായന

**2. നൂതനാശയ പ്രവർത്തനങ്ങൾ**
i. സ്കൂൾ വെതർ സ്റ്റേഷൻ
ii. ലൈഫ്
ii. ക്രിയേറ്റീവ് കോർണർ
iv. വെർച്വൽ റിയാലിറ്റി ലാബ്

**3. രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ പ്രവർത്തനങ്ങൾ**
i. സ്റ്റീം എക്കോസിസ്റ്റം
ii. ഭൂമിശാസ്ത്രലാബ്
iii. ടിങ്കറിംഗ് ലാബ്
iv. ശാസ്ത്രപഥം

**4. വർക്ക് എഡ്യൂക്കേഷൻ**
i. സ്കിൽ ഡെവലപ്മെന്റ് സെന്റർ
ii. സ്കിൽ ടു വെൻചർ
iii. ക്രാഫ്റ്റ്
iv. ശക്തി

**5. പ്രി-സ്കൂൾ ശാക്തീകരണം**
വർണക്കൂടാരം

6. ഫൗണ്ടേഷണൽ ലിറ്ററസി & ന്യൂമറസി പ്രവർത്തനങ്ങൾ
7. അധ്യാപക പരിശീനങ്ങളും ശില്പശാലകളും
8. മൂല്യ നിർണയ രീതികളിൽ വരുത്തുന്ന മാറ്റങ്ങൾ
9. സബ്ജക്ട് മിനിമം ഏർപ്പെടുത്തുന്നത്
10. പ്രത്യേക പരഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സവിശേഷ പ്രവർത്തനങ്ങൾ.
11. പാർശ്വവൽകൃത സമൂഹത്തിലെയും ഗോത്രമേഖലയിലും തീരദേശമേഖലയിലും നടത്തുന്ന പ്രത്യേക പ്രവർത്തങ്ങൾ.
12. അതിഥി തൊഴിലാളികളുടെ മക്കൾക്കായി നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ.

കേരളത്തിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി സ്കൂളുകളെ അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനായി കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ/നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സെക്കന്ററി, ഹയർ സെക്കന്ററി സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതിയും ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ ഹൈടെക് ലാബ് പദ്ധതിയും നടപ്പിലാക്കി. പദ്ധതികളുടെ ഭാഗമായി 16027 സ്കൂളുകളിൽ 374274 ഐ.ടി. ഉപകരണങ്ങളുടെ വിന്യാസം, 12678 സ്കൂളുകളിൽ ബ്രോഡ്ബാൻറ് ഇൻറർനെറ്റ്, അധ്യാപകർക്ക് പ്രത്യേക ഐ.ടി. പരിശീലനം, 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ തുടങ്ങിയവ നടപ്പിലാക്കി.

2. സ്കൂളുകളിലേയ്ക്ക് ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം ഓരോ ക്ലാസിലെ പാഠപുസ്തകങ്ങൾക്കും അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും 'സമഗ്രപ്ലസ്' പോർട്ടലിലൂടെ ലഭ്യമാക്കുന്നു.

3. ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലേയ്ക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായി പ്രത്യേക ഐ.സി.ടി. പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയും 7, 8, 9 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും പത്താം ക്ലാസിൽ റോബോട്ടിക്സ്സും എ.വി.ജി.സി (അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്) സംവിധാനങ്ങളും ഉൾപ്പെടുത്തി.

4. വിവര വിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവും ഉള്ള കുട്ടികളുടെ ഒരു സംഘത്തെ രൂപപ്പെടുത്തുന്നതിനായി ഹൈസ്കൂൾ തലത്തിൽ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. ക്ലബ്ബുകൾ നടപ്പിലാക്കുകയും ചെയ്യുന്നു.

5. അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടുത്താതെ ഇഷ്ടമുള്ള കോഴ്സ് തെരഞ്ഞെടുക്കാനും വിദഗ്ധരായ ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്താനും അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും നൈപുണ്യശേഷി വികസനത്തിന് MOOC (Massive Open Online Course) മാതൃകയിൽ KOOL (KITE'S Open Online Learning) ലഭ്യമാക്കുന്നു .

കേരളത്തിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും അതിന്റെ തുടർച്ചയായ വിദ്യാകിരണം മിഷനും പ്രവർത്തിച്ച് വരുന്നത്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പ്രധാന ലക്ഷ്യം. അക്കാദമിക മികവെന്നാൽ വിദ്യാലയ മികവാണെന്നും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ എന്നതുമാണ് സർക്കാരിന്റെ നിലപാട്. ഈ ലക്ഷ്യത്തിലൂന്നിക്കൊണ്ട് വിദ്യാകിരണം മിഷന്റെ പ്രവർത്തനങ്ങളെ പ്രധാനമായും അഞ്ച് മേഖലകളിലായി തരംതിരിക്കാം.

1) ഭൗതിക സൗകര്യവികസനം
2) ആധുനിക വൽക്കരണത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യാ സൗഹൃദമാക്കൽ
3) അക്കാദമിക മികവിനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ
4) ജനകീയതലം വികസിപ്പിക്കാനുള്ള മറ്റു പ്രവർത്തനങ്ങൾ
5) മറ്റ് പ്രവർത്തനങ്ങൾ

വിദ്യാഭ്യാസ വകുപ്പ് ശാസ്ത്ര പഠനം കൂടുതൽ മെച്ചപ്പെട്ടതാക്കാൻ കെ-ഡിസ്കിന്റെ സഹകരണത്തോടുകൂടി മഴവില്ല് എന്ന ഒരു പദ്ധതി കൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.